# കേരളത്തിന്റെ അദ്വൈത വേദാന്തപാരമ്പര്യം

ഡോ. കെ. രമാദേവി അമ്മ
ജില്ലാ കോർഡിനേറ്റർ, കോട്ടയം

ആദികാലത്ത് മീമാംസാദർശനം ഒന്നേ ഉണ്ടായിരുന്നുള്ളു. അത് പിന്നീട് കർമ്മകാണ്ഡ പ്രതിപാദകമായ പൂർവ്വ മീമാംസയെന്നും ജ്ഞാനകാണ്ഡ പ്രതിപാദകമായ ഉത്തരമീമാംസയെന്നും രണ്ടായിപ്പിരിഞ്ഞു. അതിൽ ഉത്തരമീമാംസയാണ് വേദാന്തം. ഇതാണ് അദ്വൈത സിദ്ധാന്തത്തിന്റെ അടിത്തറയായിത്തീർന്നത്. ബ്രഹ്മസൂത്രവും, ഭഗവദ്ഗീതയും, ഉപനിഷത്തുക്കളും ചേർന്ന വേദാന്തശാസ്ത്രത്തിന്റെ അടിസ്ഥാന ഗ്രന്ഥങ്ങളെ പ്രസ്ഥാനത്രയം എന്ന് പറയുന്നു. ആദ്യത്തെ പ്രസ്ഥാനത്രയഭാഷ്യകാരൻ ശങ്കരാചാര്യരാണ്. ജ്ഞാനാത്മകമായ ബ്രഹ്മമീമാംസക്ക് കേരളത്തിൽ നല്ല സ്ഥാനം ലഭിച്ചിരുന്നു. പയ്യൂർ, മേൽപ്പുത്തൂർ മുതലായ ഭട്ടതിരിമാരെ പൂർവ്വോത്തരമീമാംസകളുടെ പരമാചാര്യന്മാരായിട്ടാണ് ഗണിച്ചിരുന്നത്. നമ്പൂതിരിമാർ പൂർവ്വമീമാംസാപക്ഷപാതികളായിരുന്നെങ്കിലും അവർ ഉത്തരമീമാംസയെ തെല്ലും അനാദരിച്ചില്ല. വേദാന്തവും മീമാംസയും കേരളത്തിൽ യോജിച്ചാണ് കഴിഞ്ഞത്. അദ്വൈത വേദാന്തം പ്രചരിപ്പിക്കുകയും അതിലേക്ക് തന്നാൽ കഴിയുന്നതായ സംഭാവനകൾ നൽകിയിട്ടുള്ളതുമായ കേരളത്തിലുള്ള ചിലവ്യക്തിത്വങ്ങളെയാണ് ഇവിടെ പരിചയപ്പെടുത്തുന്നത്.

## 1. ശ്രീശങ്കരാചാര്യർ (788–820)

അദ്വൈതമതപ്രചാരകൻ, കവി, ദാർശനികൻ, ഭാഷ്യകാരൻ, സർവ്വജ്ഞപദം അലങ്കരിച്ച ജഗദ്ഗുരു, സർവ്വതന്ത്ര സ്വതന്ത്രൻ, ലോകം കണ്ട പ്രതിഭാശാലികളിൽ അഗ്രഗാമി, ഭാരതഭൂമിയുടെ അഭിമാനസ്തംഭം, കേരളാംബയുടെ വീരപുത്രൻ എന്നി



Scanned with CamScanner